**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശഭരണ സ്ഥാപനങ്ങളിൽ താൽക്കാലികമായി ജോലി ചെയ്തുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കാലാവധി 01.04.2019 മുതൽ ഒരു വർഷത്തേയ്ക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഐ.ബി) വകുപ്പ്

സ.ഉ. (സാധാ) നം. 445/2019/തസ്വഭവ. തിരുവനന്തപുരം, തീയതി, 27.02.2019

---

പരാമർശം:-

1. സ.ഉ (സാധാ) നം.741/2012/ തസ്വഭവ തീയതി, 13-03-2012.
2. സ.ഉ (സാധാ) നം.1108/2016/ തസ്വഭവ തീയതി, 03-03-2016.
3. സ.ഉ (സാധാ) നം.756/2017/ തസ്വഭവ തീയതി, 18-03-2017.
4. സ.ഉ (സാധാ) നം.571/2018/ തസ്വഭവ തീയതി, 27-02-2018.
5. പഞ്ചായത്തു ഡയറക്ടറുടെ 16.02.2019-ലെ ഇ 3-25720/16 നമ്പർ റിപ്പോർട്ട്

**<u>ഉത്തരവ്</u>**

പരാമർശം (1) - ലെ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ വീതം നിയമിക്കുന്നതിന് അനുമതി നല്കി സർക്കാർ ഉത്തരവായിരുന്നു . തുടർന്ന് കാലാകാലങ്ങളിൽ ഇവരുടെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചു വരുന്നു. പരാമർശം (4)-ലെ സർക്കാർ ഉത്തരവു പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 01.04.2018 മുതൽ 31.03.2019 വരെ ദീർഘിപ്പിച്ച് നല്കിയിരുന്നു.

2) പരാമർശം (5) പ്രകാരം, ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനകാലാവധി 2019 മാർച്ച് 31-ന് അവസാനിക്കുകയാണെന്നും ഗ്രാമപഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനം നിലവിലുള്ള അതേ കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കാവുന്നതാണെന്നും പഞ്ചായത്തു ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ പഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവനകാലാവധി, നിലവിലുള്ള അതേ കരാർ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 01.04.2019 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**മിനി.എം.ആർ**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം,
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA / G&SSA), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (A&E) ,കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനനന്തപുരം.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.